# നീതിമാൻ
# The Righteous

പ്രാർത്ഥനാ സമയ പുസ്തകം

Indian Church of Christ, QT series - THE RIGHTEOUS (Malayalam)

ദിനം 1

## നീതിമാൻ വിശ്വാസത്താൽ ജീവിക്കും

എബ്രായർ 10:38

*എന്നാൽ എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും. പിന്മാറുന്നുവെങ്കിൽ എന്റെ ഉള്ളത്തിന് അവനിൽ പ്രസാദമില്ല.*

നീതിമാന്റെ ജീവിതമൂല്യങ്ങൾ വിശ്വാസത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതായിരിക്കും, സ്വന്തം തോന്നലുകളെ അടിസ്ഥാനപ്പെടുത്തിയുള്ളതായിരിക്കുകയില്ല. അവനവനിലേക്കു നോക്കുമ്പോൾ നമ്മിൽ അഹങ്കാരം കുമിഞ്ഞുകൂടും. എന്നാൽ യഥാർത്ഥവിശ്വാസം അവനവനിൽ നിന്നും തിരിഞ്ഞ് കർത്താവിലേക്കു ദൃഷ്ടിയുറപ്പിക്കും. അഹങ്കാരിക്ക് അപ്രകാരം ചെയ്യാനാവില്ല.

വിശ്വാസത്തിൽ ജീവിക്കാനാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്. ക്രിസ്ത്യാനികൾ പൊതുവേ ചില നല്ലകാര്യങ്ങളിൽ വിശ്വാസമുറപ്പിക്കുന്നവരാണ്. ചിലർ ഭക്തിപ്രകടനത്തിൽ, ചിലർ സദ്പ്രവർത്തികളിൽ, ചിലർ വികാരങ്ങളിൽ അല്ലെങ്കിൽ തോന്നലുകളിൽ, ചിലർ സാഹചര്യപ്രചോദനങ്ങളിൽ. എന്നാൽ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലല്ലെങ്കിൽ ഈവകകാര്യങ്ങളും മറ്റെന്തുകാര്യങ്ങളും അർത്ഥരഹിതവും ചിലപ്പോൾ അപകടകരവുമായേക്കും.

നാം പിന്തിരിഞ്ഞുപോകുന്നത് ദൈവത്തിന് പ്രസാദകരമല്ല.

പ്രായോഗികനിർദ്ദേശം:

എബ്രായർക്കുള്ള ലേഖനത്തിലെ പതിനൊന്നാം അദ്ധ്യായം വായിച്ചു ധ്യാനിക്കുക.

ദിനം 2

## നീതിമാൻ പനപോലെ വളരും

സങ്കീർത്തനം 92:12

*നീതിമാൻ പനപോലെ തഴയ്ക്കും; അവൻ ലബനോനിലെ ദേവദാരുപോലെ വളരും.*

ദുഷ്ടർ അഭിവൃദ്ധിപ്രാപിക്കുന്നതിന് അവരുടേതായ ന്യായങ്ങളുണ്ട്. എന്നാൽ നീതിമാനായവൻ എക്കാലവും പൂത്തുലഞ്ഞുനിൽക്കുന്ന ഒരു പനമരംപോലെ തഴച്ചുവളരും. ഈ ലോകം നല്കുന്നത് തങ്ങൾക്കു ലഭിക്കാവുന്ന ഏറ്റവും വലിയകാര്യങ്ങളാണെന്ന് ദുഷ്ടരും, ഈ ലോകത്തിനു നല്കാൻ കഴിയുന്നത് തങ്ങൾക്കു ലഭിക്കാവുന്ന ഏറ്റവും മ്ലേച്ഛമായ കാര്യങ്ങളാണെന്ന് നീതിമാന്മാരും മനസ്സിലാക്കേണ്ടതുണ്ട്.

ശക്തിവിളിച്ചോതുന്ന ഒറ്റത്തടി ആകാശത്തിലേക്കുയർത്തി തലവിരിച്ചു നിൽക്കുന്ന പനമരം മരുഭൂമിയിലെ പരപ്പിലും വരൾച്ചയിലുംപോലും ശ്രേഷ്ടമായ ഒരു കാഴ്ചയാണ്. ദൈവമഹത്വത്തിലേക്കു തലയുയർത്തിനിൽക്കുന്ന നീതിമാനായ ഒരു വ്യക്തിയെയാണ് ഈ കാഴ്ചകാണുമ്പോൾ നമുക്ക് ഓർമ്മവരുന്നത്. സകലതും അഗ്നിക്കായി ഒരുക്കിവച്ചിരിക്കുന്ന ഈ ലോകത്തിൽ ഏതു സാഹചര്യത്തിലും വ്യത്യസ്തനായി നിലനിന്നുകൊണ്ട് ദൈവകൃപയാൽ ജീവിക്കുകയും മുന്നോട്ടു കുതിക്കുകയും ചെയ്യുന്ന ഒരുവനെ ഓർമ്മിപ്പിക്കുന്ന കാഴ്ച.

ലെബനോനിലെ ദേവദാരുവൃക്ഷങ്ങൾ അവയുടെ വലുപ്പത്തിനും ശക്തിക്കും ഈടിനും സൗന്ദര്യത്തിനും ഉപയോഗക്ഷമതയ്ക്കും പേരുകേട്ടവയാണ്. നീതിമാന്മാർക്കായി ദൈവം നല്കുന്ന അനുഗ്രഹങ്ങൾക്കും ഈ സദ്പേരുകൾ നന്നായി ചേരും.

പ്രായോഗികനിർദ്ദേശം:

ജീവിതത്തിൽ നിങ്ങൾ അഭിമുഖീകരിച്ച വിഷമഘട്ടങ്ങളിൽ നീതിയോടെ പ്രവർത്തിച്ചതിന്റെ ഫലമായി ദൈവം നിങ്ങളെ അനുഗ്രഹിച്ച അവസരങ്ങളെയെല്ലാം ഓർക്കുക. അവയെപ്രതി ദൈവത്തെ സ്തുതിക്കുക.

ദിനം 3

## തങ്ങളുടെ വഴികളിൽ ഉറച്ചുനിൽക്കുന്ന നീതിമാന്മാർ

ഇയ്യോബ് 17:9

*എങ്കിലും നീതിമാൻ തന്റെ വഴിയിൽ ഉറച്ചുനില്ക്കും; നിർമ്മലമായ കൈയുള്ളവൻ മേല്ക്കുമേൽ പ്രബലനായിത്തീരും.*

നീതിമാന്മാരുടെ അന്തിമ വിജയത്തെക്കുറിച്ച് ഇയ്യോബിന്റെ സുനിശ്ചിതമായ പ്രസ്താവനയാണ് നാമിവിടെ കാണുന്നത്. താൻ അനുഭവിച്ച ദുർഘടങ്ങളിലും തന്റെ ദുരിതങ്ങളുടെ ഇരുട്ടിനെ കീറിമുറിക്കുന്ന വിശ്വാസമെന്ന പ്രകാശപിണരുകൾ നമുക്കിവിടെ കാണാനാകും.

നീതിമാൻ തന്റെ വഴികളിൽ ഇടറാതെ നിൽക്കുമ്പോൾ വിജയം തന്റെ ചെറുത്തുനില്പിനെ തേടിയെത്തും. നീണ്ടനാളുകൾ വിടാതെ പിന്തുടർന്നുവന്ന കൊടിയ സഹനങ്ങൾക്കൊടുവിൽ ഇയ്യോബിനും ഈ വിജയം അനുഭവിക്കാൻ കഴിഞ്ഞു.

ഈ വിജയം പടിപടിയായി വരുന്ന ഒന്നാണ്, കറപുരളാത്ത കരങ്ങൾ ഉള്ള ഒരുവൻ കരുത്തിൽനിന്നും കരുത്തിലേക്കു മുന്നേറുന്നതുപോലെ. ഇയ്യോബിന്റെ സാഹചര്യങ്ങൾ ഒറ്റരാത്രികൊണ്ട് മാറിയില്ല. സമയാസമയങ്ങളിൽ പ്രചോദനവും വ്യക്തതയും ലഭ്യമായെങ്കിലും നീണ്ടുനിന്ന തന്റെ സഹനങ്ങളിൽക്കൂടി ദൈവത്തിന്റെ നടത്തിപ്പിന് അവൻ കീഴടങ്ങേണ്ടിയിരുന്നു.

പ്രായോഗികനിർദ്ദേശം:
നീതിമാനായ ഒരു വ്യക്തിക്കുണ്ടാകേണ്ട അടിസ്ഥാന ബോധ്യങ്ങൾ എന്തൊക്കെയാണെന്നാണ് നിങ്ങൾക്കു തോന്നുന്നത്? അവ എഴുതിവയ്ക്കുകയും അവയിലൂടെ ദൈവം നിങ്ങളെ ശക്തമായി നടത്താൻ പ്രാർത്ഥിക്കുകയും ചെയ്യുക.

ദിനം 4

# നീതിമാനെക്കുറിച്ചുള്ള ഓർമ്മ

## സദൃശവാക്യം 10:7

*നീതിമാന്റെ ഓർമ്മ അനുഗ്രഹിക്കപ്പെട്ടത്, ദുഷ്ടന്റെ നാമമോ ദുഷിച്ചുപോകും.*

ഈ ലോകത്തിന്റെ ഇതുവരെയുള്ള സ്ഥിതി പരിഗണിക്കുമ്പോൾ നാം എല്ലാവരും ജീവിക്കുന്നവർ എന്ന അവസ്ഥയിൽനിന്നും മാറി ഓർമ്മ എന്ന അവസ്ഥയിലേക്ക് എത്തിച്ചേരുമെന്ന് ഉറപ്പാണ്. ഈ ലോകത്തിൽനിന്നും വിടവാങ്ങിപ്പോകുന്നവരെല്ലാംതന്നെ കുറച്ച് ഓർമ്മകൾ അവശേഷിപ്പിച്ചിട്ടാണ് പോകുന്നത്. ഓരോ മനുഷ്യരും എന്തായിരുന്നോ എന്നതിനെമാത്രം അടിസ്ഥാനപ്പെടുത്തിയാണ് അവനെക്കുറിച്ച് അവശേഷിക്കുന്ന ഓർമ്മകളും രൂപപ്പെടുന്നത്. അക്കൂട്ടത്തിൽ ക്ഷയിച്ചു പോകുന്ന ഓർമ്മകളുണ്ട്, മായരുതെന്ന് നാം ആഗ്രഹിക്കുന്ന ഓർമ്മകൾ ഉണ്ട്, നമ്മെ ആനന്ദത്തിലേക്കു കൂട്ടിക്കൊണ്ടുപോകുന്ന ഓർമ്മകളുമുണ്ട്.

ഒരാളുടെ ജീവിതം എത്രചെറുതായതായാലും തന്റെ കാലശേഷം ഈ ലോകത്തിൽ അവശേഷിക്കുന്നവർക്ക് അനുഗ്രഹമായി മാറാനുള്ള ഓർമ്മകൾ സൃഷ്ടിക്കാനുള്ള സമയം അയാൾക്കുണ്ട്. തന്നെക്കുറിച്ചുള്ള ഓർമ്മകൾ തന്റെ ചുറ്റുമുള്ളവർക്ക് അനുഗ്രഹത്തിന്റേതാകുമോ അതോ ലജ്ജയുടേതാകുമോ എന്നത് ഓരോരുത്തരും അവനവന്റെ ജീവിതകാലത്ത് തീരുമാനിക്കുന്ന കാര്യമാണ്.

പ്രായോഗികനിർദ്ദേശം:
നിങ്ങളുടെ ജീവിതവുമായി ചേർന്നുനിൽക്കുന്നവർ നിങ്ങളെക്കുറിച്ചു സംസാരിക്കുന്ന കാര്യങ്ങൾ എന്തൊക്കെയായിരിക്കും? നിങ്ങളുടെ ജീവിതം മറ്റുള്ളവർക്ക് ഒരു അനുഗ്രഹമായി മാറുവാൻ എന്തൊക്കെ മാറ്റങ്ങളായിരിക്കണം നിങ്ങൾ വരുത്തേണ്ടത്? ഇക്കാര്യങ്ങൾക്കായി പ്രാർത്ഥിക്കുക.

ദിനം 5

# നീതിമാൻ വേരറ്റുപോവുകയില്ല

## സദൃശവാക്യം 10:30

*നീതിമാൻ ഒരു നാളും ഇളകിപ്പോവുകയില്ല. ദുഷ്ടനോ ദേശത്തു സ്ഥിരവാസമുണ്ടാകയില്ല.*

ദൈവത്തിന്റെ നീതിമാന്മാർക്ക് അതിശയകരമായ ഒരു ഭാവി പ്രതീക്ഷിച്ചു ജീവിക്കാൻ കഴിയും, സുരക്ഷിതവും സുശക്തവുമായ ഒരു ഭാവിതന്നെയായിരിക്കുമത്. അവർസകലവിധത്തിലും ഞെരുക്കപ്പെട്ടാലും തകർന്നുപോവുകയില്ല, ആശങ്കാകുലരായാലും നിരാശരാവുകയില്ല, പീഡിപ്പിക്കപ്പെട്ടവരായാലും ഉപേക്ഷിക്കപ്പെട്ടവരാവുകയില്ല, അടിയേറ്റുവീണാലും നശിപ്പിക്കപ്പെട്ടവരാവുകയില്ല (2 കൊറിന്ത്യർ 4:8).

നീതിമാന്മാർ ദൈവസ്നേഹത്തിൽനിന്നും നീക്കപ്പെടുകയില്ല, ക്രിസ്തുവിന്റെ കരങ്ങളിൽനിന്നും വേർതിരിക്കപ്പെടുകയില്ല, ദൈവകുടുംബത്തിൽനിന്നും മാറ്റപ്പെടുകയില്ല. ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്നും നമ്മെവേർപെടുത്താൻ ആർക്കുകഴിയും? ക്ളേശത്തിനോ കഷ്ടതയ്ക്കോ പീഡനത്തിനോ ക്ഷാമത്തിനോ നഗ്നതയ്ക്കോ അപകടത്തിനോ വാളിനോ അതുചെയ്യാനാകുമോ? (റോമാക്കാർ 8:35)

പ്രായോഗികനിർദ്ദേശം:
നിങ്ങൾ കടന്നു പോകുന്ന സകല കഷ്ടതകളെയും/നിങ്ങൾ നേരിടുന്ന സകല പീഡനങ്ങളെയും ഓർത്തു പ്രാർത്ഥിക്കുക.

ദിനം 6

## ദൈവത്തിന്റെ ദൃഷ്ടി നീതിമാന്മാരുടെ മേലാണ്

1 പത്രോസ് 3:12

*കർത്താവിന്റെ കണ്ണു നീതിമാന്മാരുടെ മേൽ ഉണ്ട്. അവിടുത്തെ കാത് അവരുടെ പ്രാർത്ഥനകേൾക്കുന്നു. എന്നാൽ കർത്താവിന്റെ മുഖം അധർമ്മികൾക്കു പ്രതികൂലമായിരിക്കുന്നു.*

നീതിമാനായ ഒരുവ്യക്തി ദൈവത്തിന്റെ നോട്ടം സദാസമയവും ആകർഷിക്കപ്പെടുന്ന ഒരാളാണ്. അവൻ എവിടെയുണ്ടെങ്കിലും ദൈവത്തിന്റെ കാതുകൾ അവനെകേൾക്കാനായി കൂർപ്പിച്ചിരിക്കുന്നു. നീതിമാനായ ഒരുവൻ സദാപ്രാർത്ഥിക്കുന്ന ഒരുവനുമാകയാൽ പ്രാർത്ഥന അവന്റെ ഹൃദയത്തിൽനിന്നും പുറപ്പെടുമ്പോൾത്തന്നെ ദൈവത്തിന്റെ കാതുകളിലേക്കെത്തുന്നു.

ദൈവത്തിന്റെ ശ്രദ്ധയും പരിഗണനയും അവന്റെമേൽ സദാ പതിയുന്നുണ്ട്. ദൈവം അവനെ നിരന്തരമായി കാവൽ ചെയ്യുന്നു വഴിനടത്തുകയും ചെയ്യുന്നു.

യഹോവയുടെ കണ്ണ്, തന്നിൽ ഏകാഗ്രചിത്തരായവരെ ശക്തിയോടെ പിന്താങ്ങുന്നതിനുവേണ്ടി ഭൂതലത്തിലുടനീളം സഞ്ചരിച്ചുകൊണ്ടിരിക്കുന്നു... (2 ദിനവൃത്താന്തം 16:9)

പ്രായോഗികനിർദ്ദേശം:
ദൈവത്തിനു നിങ്ങളുടെ മേൽ ഉള്ള നിതാന്തശ്രദ്ധയെ ഓർത്ത് ദൈവത്തോടു നന്ദിപറയുവാൻ സമയം കണ്ടെത്തുക. ദൈവം കൈക്കൊണ്ട നിങ്ങളുടെ പ്രാർത്ഥനകളെ ഓർത്തു ദൈവത്തെ സ്തുതിക്കുക.

ദിനം 7

## നീതിമാന്റെ പ്രാർത്ഥന ശക്തവും ഫലപ്രദവുമാണ്

യാക്കോബ് 5:16

*ആകയാൽ നിങ്ങൾക്കു സൗഖ്യം ലഭിക്കേണ്ടതിന് അന്യോന്യം പാപങ്ങൾ ഏറ്റുപറഞ്ഞ് ഓരോരുത്തർക്കും വേണ്ടി മറ്റുള്ളവർ പ്രാർത്ഥിക്കണം. നീതിമാന്റെ പ്രാർത്ഥന ശക്തിയുള്ളതും ഫലിക്കുന്നതുമാകുന്നു.*

സഭയിൽ എന്തെങ്കിലുമൊരു വിശേഷാൽ കാര്യം ചെയ്യാൻ ദൈവം തീരുമാനിക്കുമ്പോൾ അതിനായി ദൈവം ഒരുക്കുന്ന സഭാമക്കളെ കൃപയുടെയും കീഴ്‌വഴക്കത്തിന്റെയും ആത്മാവിനെ നല്കി അവൻ സജ്ജരാക്കുന്നു. ഒരു വ്യക്തിയുടെ കാര്യത്തിലാണെങ്കിലും ദൈവം ആ വ്യക്തിയെ ഇപ്രകാരം തന്നെ ഒരുക്കുന്നു.

പ്രാർത്ഥനയ്ക്ക് ദൈവം ഉത്തരം നല്കുമ്പോൾ നാം നമ്മുടെ വിശ്വാസത്തെ സജീവമാക്കേണ്ടതുണ്ട്, അങ്ങനെയാകുമ്പോൾ ദൈവാനുഗ്രഹം കൂടുതലായി നമ്മിലേക്കു വരും. ദൈവത്തിന്റെ സൗഖ്യദായക ശക്തിയുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തുന്ന സംഗതിയാണ് പ്രാർത്ഥനയുടെ ആത്മാവ്. നീണ്ട പ്രാർത്ഥനകൾ ദൈവീക സാന്നിദ്ധ്യത്തിന്റെ ഉറപ്പൊന്നും നല്കുന്നില്ലതാനും.

പ്രായോഗികനിർദ്ദേശം:
നിങ്ങളുടെ ജീവിതത്തെക്കുറിച്ച് വേറെ ഒരാളുമായി പങ്കുവയ്ക്കുക, അയാളുമൊത്തു പ്രാർത്ഥിക്കുക.

ദിനം 8

# തിന്മയിൽ അകപ്പെടാതിരിക്കാനായി നീതിമാന്മാരെ എടുത്തുകൊണ്ടുപോകുന്നു

ഏശയ്യ 57:1

*നീതിമാൻ നശിക്കുന്നു; ആരും അതു കൂട്ടാക്കുന്നില്ല. ഭക്തന്മാർ എടുക്കപ്പെടുന്നു; വരുവാനുള്ള ദോഷത്തിൽനിന്ന് നീതിമാൻ എടുത്തുമാറ്റപ്പെടുമെന്ന് ആരും ഗ്രഹിക്കുന്നില്ല.*

യഹൂദാദേശത്തെ നായകർക്കുള്ള തന്റെശകാരം മുൻ അദ്ധ്യായത്തിൽ തുടങ്ങിയതാണ്, ഈ അദ്ധ്യായത്തിലാകട്ടെ ദൈവം നീതിമാന്മാർക്കെതിരെയുള്ള പീഡനത്തെക്കുറിച്ചു സംസാരിക്കുന്നു. യഹൂദാദേശത്തെ ദുഷ്ടനായകർ നീതിമാന്മാരെ അവഗണിക്കുകയും പീഡിപ്പിക്കുകയും ചെയ്തിരുന്നെങ്കിലും ദൈവത്തിന് അവരെക്കുറിച്ചു കരുതലുണ്ടായിരുന്നു. നീതിമാന്മാരായവർ എടുത്തുമാറ്റപ്പെടുകയോ നശിക്കുകയോചെയ്തപ്പോൾ ദൈവം അത് അവർക്ക് അനുഗ്രഹമായി തീർത്തു. തിന്മയിൽ അകപ്പെടാതെ അവരെ സമാധാനത്തിലേക്കു പ്രവേശിപ്പിച്ചു.

ദൈവീകരായവർ ശാന്തിയിലേക്കും വിശ്രമത്തിലേക്കും പ്രവേശിച്ചപ്പോൾ ദൈവീകരല്ലാത്തവർ യുദ്ധതടവുകാരായി ശത്രുരാജ്യത്തേക്കു കടത്തിക്കൊണ്ടുപോകപ്പെട്ടു. കുറേപ്പേർ വധിക്കപ്പെടുകയും ചെയ്തു.

തന്റെ വിശുദ്ധന്മാരുടെ മരണം യഹോവയുടെ ദൃഷ്ടിയിൽ വിലയേറിയതാകുന്നു (സങ്കീർത്തനം 116:15).

പ്രായോഗികനിർദ്ദേശം:

ഇന്നത്തെ പ്രാർത്ഥനയിൽ നീതിക്കായി പീഡിപ്പിക്കപ്പെട്ടവരും വധിക്കപ്പെട്ടവരുമായ ദൈവമക്കളെ ഓർക്കുക.

ദിനം 9

# നീതിമാന്മാർക്ക് അനേകം യാതനകൾ ഉണ്ടാകാം

സങ്കീർത്തനം 34:19

*നീതിമാന് പല യാതനകളും സഹിക്കേണ്ടി വരാം; എങ്കിലും അവയെല്ലാറ്റിൽനിന്നും യഹോവ അവനെ രക്ഷിക്കുന്നു.*

വിശ്വാസത്തോടും അനുസരണയോടും കൂടിയ ജീവിതം ഒരു ദൈവപൈതലിനെ പ്രയാസങ്ങളിൽനിന്നും മാറ്റിനിറുത്തുന്നില്ല. എന്നാൽ കഷ്ടതയിലും നാം ദൈവത്തിൽ ആശ്രയിക്കുകയും ദൈവത്തെവിളിച്ച് അപേക്ഷിക്കുകയും ചെയ്താൽ ദൈവം പ്രയാസങ്ങളിൽ നമ്മെ കാണുകയും അവയെ നമുക്ക് ഒരു അനുഗ്രഹമാക്കി മാറ്റുകയും ചെയ്യും.

നമ്മുടെ ഹൃദയം തകർന്നും ആത്മാവു നുറുങ്ങിയുമിരിക്കുമ്പോൾ ദൈവം നമ്മുടെ അരികത്തുതന്നെ ഉണ്ട് എന്നതാണ് ദൈവം നല്കുന്ന ഉറപ്പ്, നമുക്ക് അത് അനുഭവഭേദ്യമായില്ലെങ്കിൽകൂടി. ഇതൊരു വാസ്തവമാണ്, വ്യവസ്ഥകൾകൂട്ടിച്ചേർത്തു നിർമ്മിച്ച ഒരു വാഗ്ദാനമല്ല. നീതിക്കുവേണ്ടി പീഡിപ്പിക്കപ്പെടുന്നവർ അനുഗ്രഹീതർ; സ്വർഗ്ഗരാജ്യം അവർക്കുള്ളതാണ് (മത്തായി 5:10).

പ്രായോഗികനിർദ്ദേശം:

ഇന്നു നിങ്ങളുടെ ഹൃദയത്തെ ബാധിച്ചിട്ടുള്ള പ്രയാസങ്ങൾ എന്തൊക്കെയാണ്? ഈ പ്രയാസങ്ങളിലൂടെ ദൈവം നിറവേറ്റാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയായിരിക്കും? ദൈവഹിതത്തിനു കീഴ്വഴങ്ങുന്ന ഒരു ഹൃദയം നിങ്ങളിലുണ്ടാകുവാനായി പ്രാർത്ഥിക്കുക.

ദിനം 10

## നീതിമാന്റെ ഭവനത്തിൽ വലിയനിധിയുണ്ട്

സദൃശവാക്യം 15:6

*നീതിമാന്റെ വീട്ടിൽ വളരെ നിക്ഷേപങ്ങൾ ഉണ്ട്; ദുഷ്ടന്റെ ധനമോ അനർത്ഥകരം.*

ഭൗതീകനിധിയെക്കുറിച്ചുമാത്രമല്ല ഇവിടെ സംസാരിക്കുന്നത്, ശ്രേഷ്ടമായ നിധി ആത്മീകമായ നിധിതന്നെയാണ്. നീതിമാനായ ഏതൊരാളും ധനവാനായ ഒരുവൻതന്നെയാണ്, ഭൗതീകവസ്തുക്കളുടെ ഏറ്റക്കുറച്ചിലുകൾ കൂടുതലായാലും കുറവായാലും.

ദുഷ്ടരായ ആളുകളുടെ സമ്പാദ്യംപോലും പ്രശ്നകാരണമായ കാര്യമാണ്. നിധിയായി അവർക്കു വർദ്ധിക്കുന്നത് ദുർഘടങ്ങൾ മാത്രമാണ്. വരുമാനം വലുതായേക്കാം എന്നാൽ അതു കൂടെകൊണ്ടുവരുന്ന പ്രയാസങ്ങളും വലുതുതന്നെയായിരിക്കും.

പ്രായോഗികനിർദ്ദേശം:

നിങ്ങൾ ശ്രദ്ധകേന്ദ്രീകരിക്കുന്ന നിധി ഏതാണ്? നിങ്ങൾക്കു സംഭരിച്ചുവയ്ക്കാൻ കഴിയുന്ന ചില ആത്മീക നിധികൾ ഏതാണ്? എപ്രകാരം നമുക്കതു നേടാനാകും?

ദിനം 11

## നീതിമാൻ ദരിദ്രർക്കു നീതിനടപ്പാകുന്നതിനെക്കുറിച്ച് കരുതുന്നു

സദൃശവാക്യം 29:7

*നീതിമാൻ ദരിദ്രന്റെ അവകാശങ്ങളെപ്പറ്റി കരുതലുള്ളവനാണ്; ദുഷ്ടനോ അതൊന്നും ചിന്തിക്കുന്നില്ല.*

നീതിമാനായ വ്യക്തിയുടെ ഒരു അടയാളം അയാൾ എത്രമാത്രം ദരിദ്രരെ കരുതുന്നു എന്നുള്ളതാണ്. ദരിദ്രരോടു സഹതാപം തോന്നുകമാത്രമല്ല ഇത്, അവരുടെ അവകാശങ്ങളെ പരിഗണിക്കുന്നതുകൂടിയാണ്. പ്രവർത്തികളിൽ എത്തിച്ചേരുന്ന നീതിപൂർവ്വകമായ ഒരു ചിന്തയാണിത്.

ദുഷ്ടരായ ആളുകൾ ദൈവത്തിന്റെ ജ്ഞാനത്തെ ചോദ്യംചെയ്യുന്നവരാകയാൽ ഇതുപോലുള്ള കരുതലിനെക്കുറിച്ചു ചിന്തിക്കാൻ പോലും കഴിയാത്തവരാണ്. അവരുടെ താത്പര്യങ്ങളെ സംരക്ഷിക്കുന്ന കാര്യങ്ങൾ അല്ലാത്തതിനാലാണ് അവർക്കിതുമനസ്സിലാക്കാൻ കഴിയാതെവരുന്നത്. ഈ തിരിച്ചറിവില്ലായ്മയും ശ്രദ്ധയില്ലായ്മയും ബുദ്ധിപരമായ ഒരു കഴിവുകേടല്ല, മറിച്ച് തങ്ങളിലുള്ള ദുഷ്ടതയുടെ വർദ്ധനയാണ്.

പ്രായോഗികനിർദ്ദേശം:

ദരിദ്രരെ കരുതുന്നതിനായി പദ്ധതി ആവിഷ്കരിക്കുക.

ദിനം 12

## നീതിമാൻ ആഗ്രഹിക്കുന്നത് നിറവേറിക്കിട്ടും

സദൃശവാക്യം 10:24

*ദുഷ്ടൻ ഭയപ്പെടുന്നത് അവനു ഭവിക്കും, നീതിമാന്റെ ആഗ്രഹമോ സാധിക്കും.*

നീതിമാന്മാരല്ലാത്തവർ തങ്ങളുടെ പ്രവർത്തിയുടെ ശരിയില്ലായ്മയെക്കുറിച്ച് ബോധവാന്മാരാണ്, കണക്കുകൊടുക്കേണ്ട ഒരു ദിവസം വന്നുചേരുമെന്നും അവർക്കു ബോധ്യമുണ്ട്. ആകയാൽ അവർ ഭീതിയിൽ ജീവിക്കുന്നു, അവർ ഭയപ്പെടുന്ന കാര്യങ്ങൾ അവർക്കു വന്നുഭവിക്കുകയും ചെയ്യുന്നു.

എന്താണുതങ്ങൾക്കു വരാൻ പോകുന്നത് എന്ന ചിന്ത നീതിമാന്മായ ആളുകൾക്കുമുണ്ട്, എന്നാൽ അതു പ്രത്യാശാ നിർഭരവും പ്രതീക്ഷനല്കുന്നതുമായ ചിന്തകളാണ്. അവരുടെ ദൈവീകചിന്തകൾക്കു തക്ക പ്രതിഫലം ലഭിക്കുകയും ചെയ്യും. നീതിമാന്റെ ആഗ്രഹം നന്മയിലേ അവസാനിക്കൂ. ദുഷ്ടന്റെ പ്രതീക്ഷയോ ക്രോധത്തിൽ കലാശിക്കും (സദൃശവാക്യം 11:23).

പ്രായോഗികനിർദ്ദേശം:
നിങ്ങളുടെ ഹൃദയാഭിലാഷങ്ങൾ എഴുതിവയ്ക്കുക, അവയിലൂടെ പ്രാർത്ഥിക്കുക.

ദിനം 13

## നീതിമാൻ പരമാർത്ഥതയില്ലാത്തവനെ വെറുക്കുന്നു

സദൃശവാക്യം 29:27
*നീതിമാനു കപടൻ വെറുപ്പ്; കപടൻ നീതിമാനെയും വെറുക്കുന്നു.*

സത്യസന്ധതയില്ലായ്മയെ വെറുക്കാൻ നമുക്കാകണമെങ്കിൽ നാം നീതിമാനാകേണ്ടതുണ്ട്. നീതിമാനാകകൊണ്ട് നാം വെറുക്കപ്പെടുന്നുവെങ്കിൽ നമ്മെ വെറുക്കുന്നവർ നീതിമാന്മാരല്ല.

നീതിമാനായവൻ ദുഷ്ടതയെ വെറുക്കുന്നു, ദുഷ്ടതപ്രവർത്തിക്കുന്നവരുടെ നീചആത്മാവിനുമുന്നിൽ നിൽക്കാൻ അവർ ആഗ്രഹിക്കുന്നില്ല. ദുഷ്ടതപ്രവർത്തിക്കുന്നവരെയും അവരുടെ പ്രവർത്തികളെയും ഒരേപോലെ നീതിമാൻ വെറുക്കുന്നു. അതുപോലെതന്നെ ദുഷ്ടർ നീതിമാനായവനെയും അവരുടെ നീതിപ്രവർത്തികളെയും ഒരേപോലെ വെറുക്കുന്നു.

ഒരു വൈദ്യൻ രോഗത്തെവെറുക്കുന്നുവെങ്കിലും രോഗിയെ വീണ്ടെടുക്കുവാനായി അവനെ ശുശ്രൂഷിക്കുന്നതുപോലെ, നീതിമാൻ ദുഷ്ടന്റെ ദുഷ്ടഹൃദയത്തെയും ദുഷ്പ്രവർത്തികളെയും പരിപൂർണ്ണമായി വെറുക്കുന്നു.

പ്രായോഗികനിർദ്ദേശം:
ശരിയായതു പ്രവർത്തിക്കാത്ത ആരെയെങ്കിലും നിങ്ങൾക്കറിയാമോ? ആ വ്യക്തിയെ സഹായിക്കാനും നീതിയിലേക്കു നയിക്കാനും കുറച്ചു സമയം കണ്ടെത്തുക.

ദിനം 14

## നീതിമാൻ ജ്ഞാനത്തിലൂടെ രക്ഷപെടുന്നു

സദൃശവാക്യം 11:9
*വഷളൻ തന്റെ നാവുകൊണ്ട് അയല്ക്കാരനെ നശിപ്പിക്കുന്നു, എന്നാൽ നീതിമാൻ പരിജ്ഞാനത്താൽ രക്ഷപ്രാപിക്കുന്നു.*

കപടഭക്തന്റെ ഒരു ലക്ഷണമെന്നത് അവൻ തന്റെ വാക്കുകളാൽ മറ്റുള്ളവരെ നശിപ്പിക്കുന്നു എന്നതാണ്. സ്നേഹം മറ്റുള്ളവരെ ഉയർത്തുന്നതിലാണ് ശ്രദ്ധയൂന്നുന്നത് നശിപ്പിക്കുന്നതിലല്ല.

തങ്ങളുടെ അറിവിനാൽ ദൈവം നീതിമാനായവനെ വിടുവിക്കുന്നു, അത് ജ്ഞാനത്തിന്റെ കാര്യത്തിലായാലും ദൈവവുമായുള്ള ബന്ധത്തിന്റെ കാര്യത്തിലായാലും സത്യമാണ്.

ആരെങ്കിലും തന്നെത്തന്നേ ഭക്തൻ എന്നു കരുതുകയും അതെസമയം തന്റെ നാവിനു കടിഞ്ഞാൺ ഇടാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ അയാൾ ഹൃദയത്തെ വഞ്ചിക്കുകയാണ്; അയാളുടെ ഭക്തി നിഷ്പ്രയോജനമത്രേ (യാക്കോബ് 1:26).

പ്രായോഗികനിർദ്ദേശം:
നിങ്ങളുടെ വാക്കുകളാൽ ആരെയെങ്കിലും അടുത്തിടെ മുറിപ്പെടുത്തിയുണ്ടെങ്കിൽ അവരുടെ അടുത്തുപോയി രമ്യതയിലാകുക.

ദിനം 14

# നീതിമാനായവർ തൃപ്തമായ ഹൃദയത്തോടെ ഭക്ഷിക്കുന്നു

സദൃശവാക്യം 13:25
*നീതിമാൻ തൃപ്തിയാവോളം ഭക്ഷിക്കുന്നു; ദുഷ്ടന്റെ വിശപ്പു തീരില്ല.*

ജീവിക്കാൻ മതിയായ വക നീതിമാനുനല്കി ദൈവം അവനെ അനുഗ്രഹിക്കുന്നു, നീതിമാൻ അവനുള്ളതിൽ തൃപ്തിപ്പെടുകയും ചെയ്യുന്നു. അവൻ തനിക്കുള്ളവ ശ്രദ്ധയോടെ ഉപയോഗിക്കുന്നു. അവനു മതിയാകുവോളം ഉണ്ട് അവൻ അതു തൃപ്തിയോടെ ഭക്ഷിക്കുന്നു; എന്നാൽ അവൻ ഭക്ഷണം പാഴും പ്രകടനവും ആക്കുന്നില്ല.

എന്നാൽ ദുഷ്ടനായവൻ ആത്മീകഭക്ഷണം ആഗ്രഹിച്ചാലും തൃപ്തിയാകുവോളം ലഭിക്കുന്നില്ല, മിക്കവാറും സമയങ്ങളിൽ ആഗ്രഹവുമില്ല. എന്നാൽ വയറിനുവേണ്ട ഭക്ഷണം വേണ്ടതിലുമധികം ഉണ്ടെങ്കിലും അതുകൊണ്ടൊന്നും തന്റെ വിശപ്പുശമിക്കുന്നില്ല. ഭക്ഷണം കഴിച്ച് തൃപ്തിവരുത്തുവാനുള്ള ഹൃദയവും അവനില്ല.

പ്രായോഗികനിർദ്ദേശം:
ഭക്ഷണം കഴിക്കുമ്പോഴെല്ലാം, ദൈവം നിങ്ങളെ ഭക്ഷണത്താൽ അനുഗ്രഹിച്ചതിനെ പ്രതി ദൈവത്തെ ഓർത്ത് നന്ദിപറയുക.

ദിനം 16

# നീതിമാന്റെ വേര് പുഷ്ടിയാർജ്ജിക്കുന്നു

സദൃശവാക്യം 12:12
*ദോഷികളുടെ കൊള്ളമുതൽ ദുഷ്ടൻ ആഗ്രഹിക്കുന്നു. നീതിമാന്റെ വേരോ ഫലം കായ്ക്കുന്നു.*

മറ്റുള്ളവർക്കുള്ളതിനെ അനർഹമായ രീതിയിൽ മോഹിക്കുന്നത് ദുഷ്ടരുടെ രീതിയാണ്, അതു ദുഷ്ടമനുഷ്യരുടെ മുതലാണെങ്കിൽപോലും. ദുഷ്ടരായ ആളുകളുടെ ദുരാലോചനകളെയും ദുർമാർഗ്ഗങ്ങളെയും ഇതുവഴി ഇവർ സ്വന്തമാക്കാൻ ആഗ്രഹിക്കുന്നു.

എന്നാൽ ദൈവമക്കളെ സംബന്ധിച്ച് ദുഷ്ടരായ ആളുകളുടെ വലിയ നേട്ടങ്ങളെ കൊതിയോടെ നോക്കേണ്ട ആവശ്യമില്ല. കാരണം അവർ ഫലം കായ്ക്കുന്ന വൃക്ഷങ്ങളാണ്. ഈ ഫലമാകട്ടെ അവരുടെ സ്വന്തം വേരിൽനിന്നുമാണ് പുറപ്പെട്ടുവരുന്നത്, അവരെന്തായിരിക്കുന്നോ അതിൽനിന്ന്.

അദ്ദേഹത്തിന്റെ കാലത്ത് നീതിമാന്മാർ അഭിവൃദ്ധിപ്രാപിക്കും; ചന്ദ്രൻ ഉള്ളിടത്തോളം ഐശ്വര്യസമൃദ്ധിയുണ്ടാകും (സങ്കീർത്തനം 72:7).

പ്രായോഗികനിർദ്ദേശം:
നിങ്ങളുടെ അനുഗ്രഹങ്ങൾ മറ്റാരെങ്കിലുമായി പങ്കുവയ്ക്കുക/ആർക്കെങ്കിലും ഒരു സമ്മാനം നല്കുക.

ദിനം 17

# നീതിമാൻ ഉദാരമായി ദാനം ചെയ്യുന്നു

സങ്കീർത്തനം 37:21
*ദുഷ്ടന്മാർ വായ്പ വാങ്ങുന്നു; തിരികെ കൊടുക്കുന്നില്ല; നീതിമാന്മാരോ ഔദാര്യമായി ദാനം ചെയ്യുന്നു.*

ദുഷ്ടരായ ആളുകൾ വാങ്ങിക്കുന്നവർ മാത്രമാണ്, അവർ കടം വാങ്ങിക്കുന്നു എന്നാൽ തിരിച്ചു കൊടുക്കുന്നില്ല. തിരിച്ചുകൊടുക്കാത്തത് അവനു മനസ്സില്ലാത്തതിനാലല്ല, മറിച്ച് അവനതു കഴിയാത്തതിനാലാണ്. ആഗ്രഹങ്ങൾ ദുർവ്യയത്തിലേക്കു വഴിതെളിക്കുന്നു, ദുർവ്യയം കടം പെരുകുന്നതിലേക്കു വഴിയൊരുക്കുന്നു. അപ്രകാരം ദുഷ്ടരായവർ ജീവിതത്തിലേക്കു ദാരിദ്ര്യം വിളിച്ചുവരുത്തുന്നു.

നീതിയായവർ നല്കുന്നവരാണ്. അവർ കരുണകാണിക്കുന്നു. കയ്യയച്ചു നല്കുന്നവരാകയാൽ അവർ അഭിവൃദ്ധിപ്രാപിക്കുകയും ചെയ്യുന്നു. കടം വാങ്ങിക്കേണ്ടിവരുന്നില്ല പകരം അവർ കടം നല്കുന്നവരായിരിക്കുന്നു. ഒരു നല്ലമനുഷ്യനു സാദ്ധ്യമായ രീതിയിലെല്ലാം അയാൾ മറ്റുള്ളവരുടെ ആവശ്യങ്ങൾക്കു ചെവിചായ്ക്കുന്നു, എന്നാൽ കൊടുത്തുമുടിയുകയല്ല പകരം കൂടുതൽ അഭിവൃദ്ധിയിലേക്കാണ് അവൻ വളരുന്നത്. അതിനാൽത്തന്നെ അവന് കൂടുതലായി നല്കുവാനും കഴിയുന്നു.

പ്രായോഗികനിർദ്ദേശം:
ആരോടെങ്കിലും കടം വാങ്ങിച്ചിട്ട് തിരികെ നല്കുവാനായുണ്ടോ? എത്രയും പെട്ടെന്ന് അതു ചെയ്യുക.

ദിനം 18

# നീതിമാന്റെ കയ്യിലെ അല്പം ശ്രേഷ്ടമായതാണ്

സങ്കീർത്തനം 37:16
*ഒട്ടനേകം ദുഷ്ടന്മാർക്കുള്ള ധനസമൃദ്ധിയേക്കാളും നീതിമാന്റെ പക്കലുള്ള അല്പധനം ഏറെ ഉത്തമം.*

ദുഷ്ടരായവരുടെ കയ്യിൽ വന്നുചേരുന്നത് നിലനിൽക്കുന്നില്ല. നീതിമാന്മാരുടെ കയ്യിൽ വന്നുചേരുന്നത് കുറവാണെങ്കിൽ പോലും ദുഷ്ടരായവരുടെ കയ്യിലെ നിലനിൽക്കാത്ത അധികത്തെക്കാൾ ഗുണപ്രദമായതാണ്. ദൈവത്തിൽ ആശ്രയിച്ചു നീതിയോടെ ജീവിക്കുന്നതാണ് ജീവിതത്തിലെ ഏറ്റവും ഉത്തമമായ നിക്ഷേപം.

ചില്ലിക്കാശിനെ പണക്കിഴിയാക്കി ഉപയോഗിക്കാൻ ദൈവനാനുഗ്രഹം മതിയാകും, എന്നാൽ ദൈവാനുഗ്രഹമില്ലാത്ത പണക്കിഴി ചില്ലക്കാശിനു ഗുണം ചെയ്യില്ല. താൻ കൂട്ടിവയ്ക്കുന്ന നിക്ഷേപങ്ങളുടെ വലുപ്പത്തിലല്ല ഒരു മനുഷ്യന്റെ ആഹ്ലാദം നിലകൊള്ളുന്നത്.

പ്രായോഗികനിർദ്ദേശം:
ദൈവം നിങ്ങൾക്കു നല്കുന്ന അനുഗ്രഹങ്ങളെ ഓർക്കുക, ദൈവത്തിനു കൃതജ്ഞത കരേറ്റുക.

ദിനം 19

## നീതിമാൻ വ്യാജമായതിനെ വെറുക്കുന്നു

സദൃശവാക്യം 13:5

*നീതിമാൻ വ്യാജം വെറുക്കുന്നു, ദുഷ്ടനോ ലജ്ജയും അപമാനവും വരുത്തുന്നു.*

നീതിമാനായ ഒരു വ്യക്തി സത്യത്തെ സ്നേഹിക്കുന്നു, വ്യാജത്തെയും നുണയെയും വെറുക്കുന്നു. ദൈവം എപ്രകാരം സത്യത്തെയും വ്യാജത്തെയും പരിഗണിക്കുന്നുവോ എന്നതുപോലെയാണ് ദൈവീകപാതയിലുള്ള ഒരു വ്യക്തിയും ഇവകളെ പരിഗണിക്കുന്നത്.

ദുഷ്ടരായവർ വ്യാജത്തെയും നുണയെയും സ്നേഹിക്കുന്നതിനാൽ ഈ വകകൾ അവരുടെമേൽ ലജ്ജയും അപമാനവും കൊണ്ടുവരുന്നു. ദുഷ്ടരുടെ രീതികൾ അറപ്പും വെറുപ്പുമുളവാക്കുന്നതും, ചിന്തയിലും പ്രവർത്തിയിലും വക്രമായതുമാണ്.

പ്രായോഗികനിർദ്ദേശം:

വ്യാജം പറഞ്ഞ ഏതെങ്കിലും ഒരു സാഹചര്യം ഓർമ്മയിലുണ്ടെങ്കിൽ അതിനെ തിരുത്തുക.

ദിനം 20

## നീതിമാന്റെ വായ് ജീവന്റെ ഉറവയാണ്

സദൃശവാക്യം 10:11

*നീതിമാന്റെ വായ് ജീവന്റെ ഉറവ; ദുഷ്ടന്റെ അധരമോ അക്രമത്തെ മറച്ചുവയ്ക്കുന്നു.*

നീതിമാനായ ഒരാൾ മറ്റുള്ളവരോടും അവനവനോടുതന്നെയും സംസാരിക്കുന്നത് ജീവൻ നല്കുന്ന വചനങ്ങൾ ആയിരിക്കും. ശുദ്ധജലം ശേഖരിച്ചുവച്ചിരിക്കുന്ന ഒരു കിണർ ആളുകൾ കൂട്ടം കൂടുന്ന ഒരിടം തന്നെയാണ്. സമൂഹത്തിനു നന്മനല്കുന്ന സത്യസന്ധവും നീതിപൂർവ്വകവുമായ സംസാരം സകലരുടെയും സംപുഷ്ടമായ ജീവിതത്തിന് അത്യന്താപേക്ഷിതമാണ്. അതു ഈ ഭൂമിയിലെ ജീവിതത്തെ സംബന്ധിച്ചായാലും ആത്മീയ ജീവിതത്തെ സംബന്ധിച്ചായാലും, ചിന്താധാരയെ സംബന്ധിച്ചായാലും സാന്മാർഗിക ജീവിതത്തെ സംബന്ധിച്ചായാലും മാറ്റമില്ലാത്ത ഒന്നാണ്.

ദുഷ്ടരായവരാകട്ടെ തങ്ങളുടെ വാക്കുകളാൽ മറ്റുള്ളവർക്ക് നാശവും മുറിവുമുണ്ടാക്കുന്നു, അതുതന്നെ അവർ സ്വയം ചെയ്യുകയും ചെയ്യുന്നു. ഇത് ജീവിതത്തെ എടുത്തുകളയുന്നു.

പ്രായോഗികനിർദ്ദേശം:

ഇന്നു നിങ്ങൾ ഇടപഴകുന്ന ആളുകളോടെല്ലാം ശ്രേഷ്ടമായ വാക്കുകളാൽ സംസാരിക്കുക. അവരെ പ്രോത്സാഹിപ്പിക്കുന്ന വാക്കുളാൽ ധൈര്യം നല്കുക.

ദിനം 21

## നീതിമാനായവൻ തന്റെ മൃഗങ്ങളെ കരുതുന്നു

സദൃശവാക്യം 12:10

*നീതിമാൻ തന്റെ മൃഗത്തിന്റെ ജീവനെക്കുറിച്ചു കരുതലുള്ളവനാണ്; എന്നാൽ ദുഷ്ടന്റെ ദയാപൂർണ്ണമായ പ്രവർത്തിപോലും ക്രൂരമാണ്.*

മൃഗങ്ങളെപ്പോലും പരിപാലിക്കുന്നവനാണ് നമ്മുടെ ദൈവം. നീതിമാനായ/ദൈവീകനായ ഒരു വ്യക്തി അതിനാൽ തന്റെ മൃഗങ്ങളോടു കരുതലും അനുകമ്പയും കാണിക്കേണ്ടതുണ്ട്. ഒരുവന്റെ മൃഗം തന്റെ കരുണയെ ആശ്രയിക്കുന്ന ഒന്നാണ്, മാത്രമല്ല ദൈവം തന്നെയാണ് എല്ലാറ്റിന്റെയും അധികാരി. ആകയാൽ മൃഗത്തിന്റെ ഉടമസ്ഥൻ അതിനെ സ്വന്തമെന്നപോലെ അനുകമ്പയോടു കൂടെ കരുതേണ്ടതുണ്ട്.

ദൈവം നല്ലമനുഷ്യർക്കു നല്കുന്ന സംഗതികൾ എന്തായാലും അവർ അവയെ നല്ല രീതിയിൽ പരിപാലിക്കുന്നു എന്ന് ഈ വചനം നമ്മെ പഠിപ്പിക്കുന്നു, തങ്ങൾക്കു നല്കിയിരിക്കുന്നത് മൃഗങ്ങൾ മാത്രമാണെങ്കിൽ പോലും. ദുഷ്ടരായവർ തങ്ങളുടെ ആവശ്യത്തിനായി എല്ലാറ്റിനെയും ചൂഷണം ചെയ്യുകമാത്രമാണു ചെയ്യുന്നത്.

പ്രായോഗികനിർദ്ദേശം:
നിങ്ങൾക്കു വളർത്തുമൃഗങ്ങൾ ഉണ്ടെങ്കിൽ അവയെ നല്ലപോലെ കരുതുക. ഇല്ലാത്തയാളാണെങ്കിൽ പതിവായി കാണുന്ന മൃഗത്തെ കരുതുക.

ദിനം 22

# പാടാനും ആഹ്ലാദിക്കാനും കഴിയുന്ന നീതിമാൻ

സദൃശവാക്യം 29:6
*ദുഷ്ടമനുഷ്യൻ സ്വന്തം പാപത്താൽ തന്നെ കെണിയിൽ വീഴുന്നു; ധർമ്മിഷ്ടൻ പാട്ടുപാടി ആനന്ദിക്കുന്നു.*

ഒരു വ്യക്തിക്ക് ദുഷ്ടസ്വഭാവമാണുള്ളതെങ്കിലും യഥാർത്ഥത്തിലുള്ള തന്റെ പാപങ്ങളാണ് അയാളെ നശിപ്പിക്കുന്നത്. ദുഷ്ടവ്യക്തികൾ വിചാരിക്കുന്നത് തങ്ങളുടെ ദുഷ്ടപ്രവർത്തികളും പാപവും നല്കുന്ന സന്തോഷത്താൽ തങ്ങൾ ജീവിതം ആസ്വദിക്കുകയാണ് എന്നാണ്. എന്നാൽ ഇക്കാര്യങ്ങൾ തങ്ങളുടെ പേടിസ്വപ്നവും കെണിയുമായിത്തീരുമെന്നതാണ് സത്യം.

പാപം ദുഷ്ടരുടെ ഉല്ലാസമാകുമ്പോൾ പാട്ടും ആനന്ദവും നീതിമാന്മാരുടെ അവകാശമായിത്തീരുന്നു. അവരുടെ പാട്ടും ആനന്ദവുമെല്ലാം അവരുടെ ഉള്ളിൽനിന്നു പുറത്തേക്കുവരുന്ന വികാരപ്രകടനങ്ങൾ ആണ് – പാപവും പാപത്തിൽനിന്നുള്ള ഉല്ലാസങ്ങളും ദുഷ്ടവ്യക്തികളുടെ ഉള്ളിൽനിന്നും പുറപ്പെട്ടുവരുന്നതുപോലെ.

പ്രായോഗികനിർദ്ദേശം:
കുറച്ചുപാട്ടുകൾ ഉറക്കെ പാടി ദൈവത്തെ സ്തുതിക്കുക.

ദിനം 23

# നീതിമാന്മാർ അഭിവൃദ്ധിപ്പെടുമ്പോൾ പട്ടണം സന്തോഷിക്കുന്നു

സദൃശവാക്യം 11:10
*നീതിമാൻ അഭിവൃദ്ധിപ്പെടുമ്പോൾ നഗരവാസികൾ ആനന്ദിക്കുന്നു; ദുഷ്ടൻ നശിക്കുമ്പോൾ ഉല്ലാസഘോഷങ്ങൾ ഉണ്ടാകും.*

തന്റെ നീതിമാന്മാരിലൂടെ ദൈവം മനുഷ്യർക്കു നന്മവർഷിക്കുന്നു. അവർ അനുഗ്രഹിക്കപ്പെടുമ്പോൾ അവരടങ്ങുന്ന സമൂഹവും അനുഗ്രഹിക്കപ്പെടുന്നു. നീതിമാനായ മനുഷ്യൻ പ്രോത്സാഹിപ്പിക്കപ്പെടുകയും

അധികാരസ്ഥാനത്തും ഉത്തരവാദത്തങ്ങളിലും എത്തിച്ചേരുമ്പോഴും പട്ടണത്തിന് ആഹ്ലാദിക്കാൻ ഇട യാകുന്നു. അത്തരം ആളുകൾ ഭാഗഭാക്കാകുന്ന ഭരണകേന്ദ്രവും നീതിപീഠവും സന്തോഷിക്കുന്നു. കാരണം അവരുടെ കീഴിൽ ജോലിചെയ്യുന്നവർക്ക് നീതിപൂർവ്വകമായും സമാധാനത്തോടെയും ജോലികൾ നിറ വേറ്റാനും ജനനന്മക്കുതകുന്ന വിധത്തിൽ പൊതുഭരണം നടത്താനും കഴിയും.

ദുഷ്ടരായവർ നശിക്കുമ്പോൾ സമൂഹം ആഹ്ലാദിക്കുന്നു. നീതിയായവരുടെ ഉയർച്ചയിൽ സമൂഹം ആഹ്ലാ ദിക്കുന്നതുപോലെതന്നെ ദുഷ്ടരായവരുടെ വിനാശത്തിൽ സമൂഹം ഒന്നാകെ സന്തോഷിക്കുന്നു. ദുഷ്ട രായ ആളുകളുടെ കാലശേഷം ആരും അവരെ മനസ്സുകൊണ്ട് ഓർക്കുന്നില്ല.

നീതിമാൻ ജയഘോഷം കൊള്ളുമ്പോൾ മഹോത്സവം; നീതികെട്ടവൻ അധികാരത്തിലേറുമ്പോൾ മനു ഷ്യൻ സ്വയം ഒളിക്കുന്നു (സദൃശവാക്യം 28:12)
നീതിമാൻ തഴയ്ക്കുമ്പോൾ ജനങ്ങൾ ആനന്ദിക്കും; ദുഷ്ടൻ ഭരിക്കുമ്പോൾ ജനങ്ങൾ ഞരങ്ങും (സദൃശ വാക്യം 29:2)

പ്രായോഗികനിർദ്ദേശം:
ചെറുപ്പകാലംതൊട്ടേ നിങ്ങളെ നേർവഴി നടത്താൻ സഹായിച്ച ആളുകളെ ഓർക്കുക, അവരെ ഓർത്ത് ദൈവത്തിനു നന്ദി കരേറ്റുക. പറ്റുമെങ്കിൽ അവർക്ക് ഒരു നന്ദിസൂചക കുറിപ്പും നല്കുക.

ദിനം 24
# നീതിമാന്മാർ എന്നേയ്ക്കും നിലനിൽക്കുന്നു

സദൃശവാക്യം 10:25
*ചുഴലിക്കാറ്റ് അടിക്കുമ്പോൾ ദുഷ്ടന്മാർ ഇല്ലാതെപോകും. നീതിമാനോ എന്നേക്കും ഉറച്ചു നില്ക്കും.*

ദുഷ്ടർ ഊന്നിനില്ക്കുന്ന സ്ഥലങ്ങളുടെ അസ്ഥിരവും അപകടകരവുമായ അവസ്ഥയെക്കുറിച്ച് വചനം ഊന്നിപ്പറയുന്നു. പ്രയാസങ്ങളും (കൊടുങ്കാറ്റ്) എല്ലാവരുടെ ജീവിതത്തിലും വന്നുചേരും. എന്നാൽ അതുവന്നുചേരുന്ന സമയത്ത് പിടിച്ചുനിൽക്കാൻ ദുഷ്ടരായ ആളുകൾക്ക് ഒരു ഇടവും കാണുകയില്ല. ശക്തമായ കൊടുങ്കാറ്റ് അതിന്റെ വഴിയിലുള്ള എല്ലാറ്റിനേയും തൂക്കിയെടുത്തു നശിപ്പിക്കുന്നതു പോലെയാണ് ദൈവക്രോധം ദുഷ്ടരായ ആളുകളെ തിരഞ്ഞുപിടിച്ചു നശിപ്പിക്കുന്നത്. ഒരു വേരോ ശിഖരമോ ഒന്നും ബാക്കിവയ്ക്കാൻ കാണുകയില്ല.

പാറപ്പുറത്തു വീടുപണിത ജ്ഞാനിയായമനുഷ്യനെക്കുറിച്ച് സുവിശേഷത്തിൽ യേശു സൂചിപ്പിച്ചതുപോലെ (മത്തായി 7:24-27), നീതിമാനു പിടിച്ചുനില്ക്കാനായി നിത്യമായതും ഉറപ്പുള്ളതുമായ ഒരു അടിസ്ഥാന മുണ്ട്, ഏതു കാറ്റിനേയും കോളിനേയും അതിജീവിക്കാൻ.

പ്രായോഗികനിർദ്ദേശം:
നിങ്ങളുടെ ജീവിതത്തിൽ വന്നുചേരുന്ന ഏതു ദുരന്തത്തെയും ശരിയായവിധത്തിൽ കൈകാര്യം ചെയ്യാ നുള്ള ജ്ഞാനം നല്കുവാനായി ദൈവത്തോടു യാചിക്കുക.

ദിനം 25
# നീതിമാന്റെ ഭവനം സുസ്ഥിരമായതാണ്

സദൃശവാക്യം 12:7
*ദുഷ്ടൻ പരാജിതനായി നാശമടയും; നീതിമാന്റെ ഭവനമോ നിലനില്ക്കും.*

നീതിയിൽ അടിസ്ഥാനമില്ലാത്തതിനാൽ ദുഷ്ടരായവർ ഉറച്ചുനില്ക്കുന്നില്ല, അതിനവർക്കു സാദ്ധ്യവുമല്ല. എത്രശക്തരായ ആളുകളായാലും അവർ പിഴുതെറിയപ്പെടുകയും നശിപ്പിക്കപ്പെടുകയും ചെയ്യും.

ദൈവീകരായ പുരുഷന്മാരെയും സ്ത്രീകളെയും ദൈവം സംരക്ഷിക്കും. ദുഷ്ടരായ ആളുകളുടെ സകലതും തൂത്തെറിയപ്പെടുന്ന കൊടുങ്കാറ്റിൽ നീതിമാന്മാരുടെ ഭവനവും സ്വന്തമായതും അതിജീവിക്കപ്പെടും.

പ്രായോഗികനിർദ്ദേശം:
കൂടുതൽ നീതിയായ ജീവിതം നയിക്കേണ്ട വഴികകൾ കുടുംബമൊന്നിച്ചു ചർച്ചചെയ്യുക, ഒരുമിച്ചു പ്രാർത്ഥിക്കുക.

ദിനം 26
# നീതിമാന്റെ വെളിച്ചം ശോഭയോടെ പ്രകാശിക്കുന്നു

സദൃശവാക്യം 13:9
*നീതിമാന്റെ വെളിച്ചം പ്രശോഭിക്കുന്നു; ദുഷ്ടന്റെ വിളക്കോ കെട്ടുപോകും.*

നീതിയെന്നത് (ജീവിതയാഥാർത്ഥ്യങ്ങളിൽ ദൈവീകത പ്രവർത്തിക്കുന്നത്) വെളിച്ചവും ആനന്ദവുമായി ചേർന്നു നില്ക്കുന്ന ഒന്നാണ്. നീതിമാനെന്നു വിചാരിക്കുന്ന ഒരു വ്യക്തിയുടെ ജീവിതത്തിൽ വെളിച്ചവും ആനന്ദവും ഇല്ലെങ്കിൽ അതിൽ എന്തൊക്കെയോ പന്തികേടുണ്ട്.

നീതി എന്നത് വെളിച്ചവുമായി ഒത്തുചേരുന്ന ഒന്നാണ്, എന്നാൽ ദുഷ്ടത ഇരുളുമായി ചേർന്നുപോകുന്നു. ഇവിടെ പറയുന്ന ഇരുട്ട് നീതിമാനായ ഒരു ദൈവത്തിൽ നിന്നുമുള്ള ന്യായവിധിയുടെ അനന്തരഫലമായുണ്ടാകുന്ന ഒന്നാണ് – അനീതിയെ അവൻ കെടുത്തിക്കളയും.

പ്രായോഗികനിർദ്ദേശം:
മത്തായിയുടെ ആറാം അദ്ധ്യായം വായിച്ച് നീതിപ്രവർത്തികളെക്കുറിച്ച് ധ്യാനിക്കുക.

ദിനം 27
# നീതിമാന്റെ സന്തതിയെ ദൈവം കാത്തുകൊള്ളും

സദൃശവാക്യം 11:21
*ദുഷ്ടനു ശിക്ഷ വരാതിരിക്കില്ല, നിശ്ചയം; നീതിമാന്റെ സന്തതിയോ, വിടുതൽ പ്രാപിക്കും.*

മനുഷ്യന് – അവൻ ഒറ്റയ്ക്കായാലും കൂട്ടമായിട്ടായാലും – ദൈവത്തെ എതിർക്കുവാൻ സാദ്ധ്യമല്ല. ദൈവഹിതത്തിനെതിരെ മനുഷ്യർ സംഘടിച്ചപ്പോൾ ദൈവം അവരെ എപ്രകാരം എതിർത്തു എന്നുള്ളതിന് ബാബേൽ ഗോപുരം ഉത്തമ ദൃഷ്ടാന്തമാണ് (ഉല്പത്തി 11:1–9).

എന്നാൽ നീതിമാന്റെ സന്തതികളെ ദൈവം കാത്തുസംരക്ഷിക്കും. ദൈവത്തിന്റെ അനുഗ്രഹം നീതിമാന്റെ സന്തതികളുടെമേൽ ഉണ്ടാകും കാരണം അവർ നീതിസന്തതികളാണ്.

പ്രായോഗികനിർദ്ദേശം:
നിങ്ങളുടെ സന്തതികളെ നീതിയെക്കുറിച്ചു പഠിപ്പിക്കാനായി കുറച്ചു സമയം കണ്ടെത്തുക.

ദിനം 28

# നീതിമാൻ തന്റെ വാക്കുകൾ സൂക്ഷിച്ചുപയോഗിക്കുന്നു

സദൃശവാക്യം 15:28

*എങ്ങനെ ഉത്തരം പറയണമെന്നു നീതിമാന്റെ ഹൃദയം ആലോചിക്കുന്നു, ദുഷ്ടന്റെ വായോ തിന്മകൾ വമിക്കുന്നു.*

ദൈവത്തിന്റെ നീതിമാനായ വ്യക്തി, താൻ എന്തുമറുപടി പറയുന്നു എന്താണു പറയേണ്ടത് എന്നകാര്യങ്ങളെക്കുറിച്ച് മുൻകൂറായി ചിന്തിക്കുന്നു. അപ്പപ്പോൾ തോന്നുന്ന വികാരത്തെ അടിസ്ഥാനമാക്കാതെയും തോന്നുന്ന പ്രതികരണത്തിൽനിന്നും പെരുമാറാതെയും നീതിമാൻ വാക്കുകളെ സൂക്ഷിക്കുന്നു.

എന്നാൽ ദുഷ്ടരെ സംബന്ധിച്ചാകട്ടെ തങ്ങളുടെ വായിൽനിന്നും പുറപ്പെടുന്ന വാക്കുകൾക്ക് നിയന്ത്രണമില്ല. തിന്മയായ വാക്കുകളും തിന്മയായ ആശയങ്ങളും അവരുടെ വായിൽനിന്നും തടസ്സമില്ലാതെ ഒഴുകിവരുന്നു. അതിനെക്കുറിച്ചു ചിന്തിക്കുകയോ ജ്ഞാനത്തോടെ പര്യാലോചിക്കുകയോ ചെയ്യുന്നില്ല.

വാക്കുകളും ചിന്തകളും ചെറുതായാലും ശ്രേഷ്ടമായതാക്കുക എന്നതാണ് ഇവിടെ നമുക്കുള്ള ഉപദേശം. വാക്കുപെരുകുന്നേടത്തു പാപമില്ലാതിരിക്കയില്ല. അധരം അടക്കുന്നവനോ ബുദ്ധിമാൻ (സദൃശവാക്യം 10:19)

പ്രായോഗികനിർദ്ദേശം:

എന്തു സംസാരിക്കുന്നതിനുമുമ്പും ചിന്തിക്കുന്ന ശീലം വളർത്തിയെടുക്കുക.

ദിനം 29

# നീതിമാൻ ദൈവീകവഴികളിൽ നടക്കുന്നു

ഹോശേയ 14:9

*ഈ വസ്തുതകൾ ഗ്രഹിപ്പാൻ തക്കവണ്ണം നിങ്ങളിൽ ജ്ഞാനി ആർ? ഇതു വിവേചിക്കുന്നവൻ ആർ? യഹോവയുടെ വഴികൾ ചൊവ്വുള്ളവതന്നെ. നീതിമാന്മാർ അതിൽ നടക്കും; മത്സരികളോ, അതിൽ ഇടറിവീഴും.*

മനുഷ്യന്റെ മുന്നിൽ രണ്ടുവഴികളാണുള്ളത് – കർത്താവിനെതിരെ മറുതലിച്ച് വീണ്ടും വീണ്ടും ഇടറിവീഴുക എന്നത് ഒന്നും കർത്താവിലേക്കു തിരിഞ്ഞ് അവിടുത്തെ വഴികളിൽ സുരക്ഷിതമായി നടക്കുക എന്നത് മറ്റൊന്നും. ആദ്യത്തെ വഴി ബുദ്ധിശൂന്യമായതും രണ്ടാമത്തെവഴി ജ്ഞാനപൂർണ്ണമായതും ആണ് എന്നു എടുത്തു പറയേണ്ടതില്ലല്ലോ!

ദൈവം തന്റെ മഹാകരുണയാൽ മാനസാന്തരത്തിനും വീണ്ടെടുപ്പിനുമുള്ള മഹത്തായ അവസരങ്ങൾ സദാനല്കുന്നു. ജ്ഞാനിയായ മനുഷ്യൻ ഇതു മനസ്സിലാക്കുന്നു.

കർത്താവിന്റെ വഴികളിൽ ശരി കണ്ടെത്തുന്ന വിവേകിയായ വ്യക്തി ന്യായവിധിയെന്ന ചിന്തയുടെ ഭയാനകതയിൽപോലും ന്യായവിധി മാനസാന്തരത്തിലേക്കുള്ള ഒരു ക്ഷണമായി കണ്ടു പെരുമാറുന്നു.

പ്രായോഗികനിർദ്ദേശം:

കർത്താവിന്റെ വഴികളിൽ ഇടറുന്നവരാണോ നിങ്ങൾ? തുറന്നു സംസാരിച്ച് ഉപദേശം തേടുക.

ദിനം 30

# നീതിമാന്മാർ സുരക്ഷിതരാണ്

സദൃശവാക്യം 18:10

*യഹോവയുടെ നാമം ബലമുള്ള ഗോപുരം; നീതിമാൻ അവിടേക്ക് ഓടി അഭയം പ്രാപിക്കുന്നു.*

ശക്തവും അതിശയകരവുമായ ഒരു കോട്ട ദൈവം മക്കൾക്കായി തീർക്കുന്നു. ദൈവനാമം ഒരു മന്ത്രവാദിയെപ്പോലെ ഉച്ചരിച്ച് ശത്രുക്കളുടെ മുന്നിൽ ഒരു മായക്കാഴ്ചപോലെ പ്രതിരോധം സൃഷ്ടിക്കുന്നതിനെക്കുറിച്ചല്ല ഇവിടെ സൂചിപ്പിക്കുന്നത്, പകരം ദൈവത്തിന്റെ സ്വഭാവവും വ്യക്തിത്വപ്രഭാവവും നല്കുന്ന ഒരു സുരക്ഷാകവചത്തെക്കുറിച്ചാണ്.
ഈ കോട്ടയുടെ സുരക്ഷയ്ക്കുള്ളിൽ ഏറ്റവും മൂർച്ചയേറിയ അസ്ത്രത്തെപ്പോലും ആരു ഭയപ്പെടണം? വിശ്വാസത്തിൽ നാം വ്യാപരിക്കുമ്പോൾ പുറമേനിന്നുള്ള പ്രയാസങ്ങൾക്കെതിരെയുള്ള ഒരു സുരക്ഷ നമുക്കു തിരിച്ചറിയാൻ സാധിക്കും. ദൈവത്തിന്റെ പ്രതികാരാഗ്നിയിൽനിന്നും, ന്യായപ്രമാണത്തിന്റെ ശാപഭീഷണികളിൽനിന്നും, പാപത്തിൽനിന്നും, ശിക്ഷാവിധിയിൽനിന്നും, രണ്ടാം മരണത്തിൽനിന്നുമെല്ലാം നാം സുരക്ഷിതരാണ്.

ദൈവത്തിന്റെ നാമത്തിൽ അഭയംകണ്ടെത്താൻ ദൈവം നമ്മെ ക്ഷണിക്കുന്നു. അവന്റെ നാമം വിളിച്ചപേക്കിക്കുന്ന ഏവനും രക്ഷിക്കപ്പെടും. അവനിലേക്കു തിരിയുകയും എളിമപ്പെട്ട് അവനിൽ ആശ്രയം കണ്ടെത്തുകയും ചെയ്യുന്നവർ അവന്റെ നീതിമാന്മാരാണ്. ആകയാൽ നീതിമാന്മാർ ഇവകളിലേക്കു തിരിഞ്ഞോടും.

പ്രായോഗികനിർദ്ദേശം:

ദൈവത്തിന്റെ സുരക്ഷാകവചത്തെക്കുറിച്ചോർത്ത് അവനിലേക്കു നിങ്ങൾ തിരിഞ്ഞോടിയ സമയങ്ങളെക്കുറിച്ച് നിങ്ങളുടെ പ്രാർത്ഥനായസമത്ത് സ്മരിക്കുക.

ദിനം 31

# കർത്താവിന്റെ പ്രസാദം നീതിമാന്മാരെ ചുറ്റിനില്ക്കുന്നു

സങ്കീർത്തനം 5:12

*എന്തെന്നാൽ യഹോവേ, അങ്ങ് നീതിമാന്മാരെ അനുഗ്രഹിക്കുന്നു; പരിചകൊണ്ടെന്നപോലെ അങ്ങ് അവരെ കാരുണ്യത്താൽ മറയ്ക്കുന്നു.*

ദൈവാനുഗ്രങ്ങളിൽ വച്ച് എറ്റവും ശ്രേഷ്ടമായത് ഇതാണ് – ദൈവപ്രസാദം. ദൈവം നമ്മെ പ്രസാദത്തോടും ആഹ്ലാദത്തോടും കൂടി കാണുന്നു എന്നത് ഈ ലോകത്തിൽ ലഭ്യമായതിൽ ഏറ്റവും വലിയ അറിവുമാണ്. കൃപയാൽ നാം നിൽക്കുന്ന ഇടം ഇതാണ്.

നമ്മുടെ ശരീരത്തിലെ ഏതെങ്കിലും ഒരു ഭാഗത്തെ മാത്രം സംരക്ഷിക്കുന്ന കാര്യമല്ല പരിചയെന്നത്. ചലിപ്പിക്കാൻ കഴിയുന്നതിനാലും ആവശ്യത്തിനു വലുപ്പമുള്ളതിനാലും നമ്മുടെ ശരീരത്തിന്റെ ഏതുഭാഗത്തെയും സംരക്ഷിക്കാൻ പരിചയെ ഉപയോഗപ്പെടുത്താൻ കഴിയും. സാധാരണ അണിയുന്ന പടച്ചട്ടയ്ക്കുമീതെയുള്ള ഒരു പടച്ചട്ടയാണ് പരിച. ഇപ്രകാരമാണ് ദൈവപ്രസാദവും ദൈവകൃപയും നമുക്കു രക്ഷാകവചമാകുന്നത്.

പ്രായോഗികനിർദ്ദേശം:

നീതിമാനായ ഒരു വ്യക്തിയാകുവാൻ ദൃഢനിശ്ചയം ചെയ്യുക. ദൈവപ്രസാദത്തെപ്രതിയും ദൈവീകശക്തിയുടെ പ്രവർത്തനത്തെക്കുറിച്ചും എല്ലാറ്റിനെയും കവിയുന്ന അവിടുത്തെ മഹത്വത്തെഓർത്തും ദൈവത്തെ സ്തുതിക്കുക.